പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4971 14.11.2019-ലെ മറുപടിക്ക്

'കാസർഗോഡ് ജില്ലയിലെ തിമിരി വില്ലേജിൽ പട്ടയം ലഭ്യമാക്കാൻ നടപടി'

ചോദ്യം
ശ്രീ. എം.രാജഗോപാലൻ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ തിമിരി വില്ലേജിൽ മിച്ചഭൂമി പതിച്ച് കിട്ടിയവർ കൈമാറിയ ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് പട്ടയം ലഭിക്കാനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ തിമിരി വില്ലേജിൽ മിച്ചഭൂമി പതിച്ചുകിട്ടിയവരിൽ നിശ്ചിത കാലാവധിക്കു മുമ്പ് കൈമാറ്റം ചെയ്യപ്പെട്ട കേസുകളിൽ അപേക്ഷകർക്ക് സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് അകാലകൈമാറ്റം സാധൂകരിച്ച് നൽകുന്നതാണ്. ടി കേസുകളിൽ പട്ടയം നൽകാറില്ല. |
| (ബി) | ഇവരിൽ 80 ശതമാനം പേർക്കും പട്ടയം നൽകിയ സ്ഥിതിക്ക് അവശേഷിക്കുന്നവർക്ക് കൂടി പട്ടയം ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ? | (ബി) | അകാലകൈമാറ്റ സാധൂകരണത്തിനായി ജില്ലാ കലക്ടറിൽ നിന്നും ലഭിച്ച 47 കേസുകളിൽ 46 എണ്ണം സാധൂകരിച്ച് ഉത്തരവായിട്ടുള്ളതും ഒരെണ്ണത്തിൽ ജില്ലാകലക്ടറിൽ നിന്നും അധികവിവര റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അകാലകൈമാറ്റം സാധൂകരിച്ചു കഴിഞ്ഞാൽ പുതുതായി പട്ടയം നൽകേണ്ടതില്ല. |

സെക്ഷൻ ഓഫീസർ